മി. സ്പീക്കർ: Yes.....Yes.....last sentence.

ശ്രീ. എം. വി. ജയരാജൻ: സർ, പഞ്ചായത്തിന് Rural Pool ഗ്രാൻറ് ഇനത്തിൽ മൂന്ന് വർഷമായി കൊടുക്കേണ്ടുന്ന 44 കോടി രൂപ കൊടുത്തില്ല. ശമ്പളം പോലും കൊടുക്കാൻ കാശില്ലാത്ത പഞ്ചായത്തുകളുടെ പണം സർക്കാർ കൈവശം വയ്ക്കുന്ന അധികാര വികേന്ദ്രീകരണമല്ലേ നിങ്ങളുടേത്. ടാർ കിട്ടാത്തതുകാരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ റോഡ് വികസനം തടസ്സപ്പെട്ടു കിടക്കുകയാണ്. ഇതെല്ലാം മുഖ്യമന്ത്രിയുടെ മേലേയാണ്. അങ്ങേക്ക് ഇത് അപമാനമാണ്. കേരളത്തിലെ ജനങ്ങൾ ഉറ്റുനോക്കുകയാണ്. ഞാൻ ഈ വിവരങ്ങളെല്ലാം ആരുടെ മുമ്പിൽ വേണമെങ്കിലും ഹാജരാക്കാം. ഭരണ-പ്രതിപക്ഷ വ്യത്യാസം ഇല്ല. ഈ പ്രശ്നത്തിൽ അഴിമതിയുമായി സന്ധിചെയ്യാൻ പറ്റില്ല. പകല് പൂർത്തിയാകുന്നതുവരെ കക്കാൻ ഒരു മന്ത്രിയെ, അങ്ങയുടെ മന്ത്രിയെ അനുവദിച്ചാൽ നിങ്ങൾ അതിനെ ഓംബുഡ്സ്മാന്റെ പേര് പറഞ്ഞ്..... തള്ളിക്കളയരുത്.

മി. സ്പീക്കർ: Yes.....Yes.....Yes.....

ശ്രീ. എം. വി. ജയരാജൻ: .....എന്ന് മാത്രം പറഞ്ഞ് ഈ ധനാഭ്യർത്ഥന കളെ ഞാൻ എതിർക്കുകയാണ്.

VII വ്യക്തിപരമായ വിശദീകരണം

ഡോ. തോമസ് ഐസക്: സർ, തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ധനാഭ്യർത്ഥന യുമായി ബന്ധപ്പെട്ട് എന്നെ സംബന്ധിച്ച് ശ്രീ. പ്രതാപവർമ്മ തമ്പാൻ എഴുതിക്കൊടുത്തത് മറ്റുള്ള പലരും എഴുതി കൊടുക്കാതെയും ആക്ഷേപകരമായിട്ടുള്ള പല കാര്യങ്ങളും ഇവിടെ ഉന്നയിക്കുകയുണ്ടായി. ഈ ആരോപണങ്ങളെല്ലാം എന്നോടുള്ള എന്തെങ്കിലും വ്യക്തിപരമായിട്ടുള്ള വൈരാഗ്യത്തിന്റെ ഭാഗമായിട്ടല്ല ഉന്നയിക്കപ്പെട്ടിട്ടുള്ളത് എന്ന് എനിക്കറിയാം. ഞാൻ പ്രതിനിധാനം ചെയ്യുന്ന പാർട്ടിയോടും എന്റെ കൂടി സജീവ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ ജനകീയാസൂത്രണത്തോടുള്ള രാഷ്ട്രീയ വിദ്വേഷവുമാണ് ഇവിടെ മറ നീക്കി പുറത്തു വന്നിട്ടുള്ളത്.

Mr. Speaker: Please come to the point, Dr. Thomas Issac. This is for a personal explanation. ഇപ്പോൾത്തന്നെ ലേറ്റാണ്. എന്താണ് പോയിന്റ് ഓഫ് ഓർഡർ?

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ഡോ. തോമസ് ഐസക്കിന് വ്യക്തിപരമായിയല്ല എന്ന് അദ്ദേഹം പറഞ്ഞാൽ പിന്നെ എങ്ങനെ പേഴ്സണൽ എക്സ്പ്ലനേഷൻ ആകും.

Mr. Speaker: Dr. Thomas Issac, Please come to the point. Come on..... Come to the point.

Dr. Thomas Issac: റിച്ചാർഡ് ഫ്രാങ്കിയെപ്പോലുള്ള പണ്ഡിതന്മാരും Centre for Development Studies-മായിട്ടുള്ള എന്റെ ബന്ധവും ഇവിടെ പരാമർശ വിധേയമായി. I want to state that I am proud of the fact that it has been my privilege to work jointly with some of the finest minds all over from Kerala. I am proud of the fact that I have retired as a Professor from Centre for Development Studies.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ഇതൊക്കെ personal explanation ആണോ. ഇത് personal explanation അല്ല. Please come to the point, order, order, I know how to control, please come to the point.

ഡോ: തോമസ് ഐസക്: റിച്ചാർഡ് ഫ്രാങ്കി സി.ഐ.എ. ബന്ധം സംബന്ധിച്ച് ഇവിടെ പരാമർശങ്ങളുണ്ടായി. ഈ ആരോപണത്തിന്റെ നിജസ്ഥിതി കോടതിയിൽ തെളിയിക്കപ്പെടും. അടിസ്ഥാന രഹിതമായ ആരോപണം ഉന്നയിച്ചവർ നിയമത്തിന്റെ മുന്നിൽ ശിക്ഷിക്കപ്പെടുമെന്ന് എനിക്ക് ഉറപ്പുണ്ട്. എന്റെ കുടുംബത്തെക്കുറിച്ചും ഇവിടെ പരാമർശം ഉണ്ടായി. ആന്ധ്രാക്കാരിയായ എന്റെ ഭാര്യയുടെ കുടുംബം അമേരിക്കയിലേക്ക് കുടിയേറി പാർത്തിട്ട് അര നൂറ്റാണ്ടിലേറെയായി. എനിക്ക് രണ്ട് പെൺമക്കളുണ്ട്. And one of the daughters hold American Passport by birth. എന്റെ ഭാര്യയും ഒരു കുട്ടിയും ഇന്ത്യൻ പാസ്പോർട്ടാണ് ഇപ്പോഴും ഉപയോഗിക്കുന്നത്. കഴിഞ്ഞ ഏഴ് വർഷമായിട്ട് എന്റെ ഭാര്യയും മക്കളും അമേരിക്കയിൽ സ്ഥിര താമസമാണ്. എനിക്ക് ഒരു അഭ്യർത്ഥനയുണ്ട്.

മി. സ്പീക്കർ: .....അതൊന്നും വേണ്ട, അതൊക്കെ പ്രസംഗിക്കുമ്പോൾ പറഞ്ഞാൽ മതി. ഡോക്ടർക്ക് പേഴ്സണലായിട്ട് ഡോക്ടറുടെ ഫാമിലിയെപ്പറ്റി പറഞ്ഞതിന്റെ എക്സ്പ്ലനേഷനാണ് അനുവദിച്ചത്. .....(ബഹളം).....(ബഹളം)

ഡോ: തോമസ് ഐസക്: അങ്ങ് അനുവദിക്കുന്നില്ല എങ്കിൽ ഞാൻ സംസാരിക്കുന്നില്ല. സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിൽ നടന്നിട്ടുള്ള കേരള ഗവേഷണ പദ്ധതി, ജനകീയ ആസൂത്രണം ആവിഷ്കരിക്കുന്നതിന് അടിസ്ഥാനമായിരുന്നുവെന്നും വിദേശ ഏജൻസികളുടെ സഹായത്തോടുകൂടിയാണ് ജനകീയ ആസൂത്രണ പരിപാടി ആവിഷ്കരിച്ചതെന്നും മാരാരിക്കുളത്ത് നടക്കുന്ന വികസന പ്രവർത്തനങ്ങളെക്കുറിച്ചും മറ്റുമുള്ള ആക്ഷേപങ്ങളുമെല്ലാം ഞാൻ ശക്തിയായി നിഷേധിക്കുന്നു.

(ധനകാര്യം തുടർച്ച)

ഭക്ഷ്യവും സാംസ്കാരികവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. ജി. കാർത്തികേയൻ): സർ, ഭക്ഷ്യവും പൊതുവിതരണ രംഗവും എപ്പോഴും ചർച്ചാവിഷയമാകുന്നത് നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ബഹുമാന്യരായ പ്രതിപക്ഷ നിരയിലെ നേതാക്കൻമാർ, ഈ നിയമസഭ നിലവിൽ വന്നതിനുശേഷം നിയമസഭയ്ക്ക് അകത്തോ പുറത്തോ പൊതു വിതരണ മേഖലയിൽ, നിത്യോപയോഗ സാധനങ്ങളുടെ വിലവർദ്ധനയുമായി ബന്ധപ്പെട്ട് ഒരു പരാതി പോലും ലഭിച്ചിട്ടില്ല. ബഹുമാനപ്പെട്ട പി. സി. ജോർജ്ജ് വിലവർദ്ധനവിനെക്കുറിച്ച് പറഞ്ഞു. ശരിയാണ്, കേരളം ഒരു പ്രൊഡ്യൂസിംഗ് സ്റ്റേറ്റല്ല. ഇവിടെ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ ഡിപ്പാർട്ടുമെന്റിന്റെ ചുമതല എന്നു പറയുന്നത് മാർക്കറ്റിൽ ഇടപെട്ടു കൊണ്ട് വില കുറച്ച് മാവേലി സ്റ്റോറുകളിലൂടെ സാധനങ്ങൾ വിൽക്കുക എന്നുള്ളത് മാത്രമാണ്. തീർച്ചയായിട്ടും കഴിഞ്ഞ രണ്ടു മൂന്നു വർഷങ്ങൾക്കു മുമ്പുള്ളതിനേക്കാൾ ഓപ്പൺ മാർക്കറ്റിൽ കേരളത്തിലെ നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിച്ചിട്ടുണ്ട്. അത്രേ ഉള്ളൂ. അല്ലാതെ ഗവൺമെന്റിന്റെ അനാസ്ഥകൊണ്ട് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവ് കേരളത്തിൽ ഉണ്ടായിട്ടില്ല. അത് വർഷങ്ങളായി തുടർന്നുവന്ന കേരളത്തിലെ പ്രത്യേകതയാണ്. പൊതുവിപണിയിൽ മാവേലി സ്റ്റോർ മത്സരിക്കുന്നത് കേരളത്തിലെ സ്വകാര്യ മേഖലയുമായിട്ടാണ്. ആകാശവും കടലും മണ്ണും സ്വകാര്യ മേഖലയ്ക്ക് ആകാമെന്നുള്ളതും അത് ഒരു പാപമല്ലെന്ന് സഭയിലെ രണ്ടു കൂട്ടരും വിശ്വസിക്കുന്ന ഈ കാലഘട്ടത്തിൽ ഗവൺമെന്റിന്റെ അടിസ്ഥാന സൗകര്യത്തോടൊപ്പം

LIBRARY ARCHIVES Kerala Legislative Assembly